പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3520 12/12/2014- ൽ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ പന്നിപ്പനി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പാലക്കാട് ജില്ലയിൽ പന്നിപ്പനി പടരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ജില്ലയിലെ ഏതെല്ലാം പ്രദേശത്താണ് പന്നിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്; | ബി) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ കീഴിലുള്ള സുംങ്കം കോളനി പരിസരത്തുള്ള കാട്ടുപന്നികൾക്കും വണ്ടാഴി പഞ്ചായത്തിലെ ഒരു സ്വകാര്യ ഫാമിലുമാണ് പന്നിപ്പനി (ക്ലാസിക്കൽ സ്വയിൻ ഫീവർ) റിപ്പോർട്ട് ചെയ്തത്. പന്നിപ്പനി ആണെന്ന് പാലക്കാട് റീജിയണൽ ലാബിലാണ് സ്ഥിരീകരിച്ചത്. കോളനി പരിസരത്ത് 17 കാട്ടുപന്നികളും സ്വകാര്യഫാമിൽ ആറ് വളർത്തു പന്നികളുമാണ് അസുഖം മൂലം മരണപ്പെട്ടത്. |
| സി) പന്നിപ്പനി തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | സി) പ്രതിരോധ നടപടികളുടെ ഭാഗമായി പ്രദേശത്തെ എല്ലാ പന്നികളേയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കി. രോഗം ബാധിച്ച പന്നികൾക്ക് ചികിത്സ നൽകി. ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന ഏർപ്പെടുത്തി. പറമ്പിക്കുളത്തെ |

| | | |
|---|---|---|
| | | വനാതിർത്തിയിലുള്ള കർഷകരിൽ ഈ രോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു. പത്രമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തി. 10/11/2014 ന് തിങ്കളാഴ്ച രാവിലെ 11 മണിക്ക് പാലക്കാട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ കോൺഫറൻസ് ഹാളിൽ വെച്ച് പന്നി വളർത്തുന്ന കർഷകർക്ക് ഈ രോഗത്തെക്കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് നടത്തി. ഇതിൽ ജില്ലയിലെ നൂറോളം കർഷകർ പങ്കെടുത്തു. |
| ഡി) | പന്നിപ്പനി ജനങ്ങൾക്ക് ഭീഷണിയാണോ; വിശദാംശം നൽകുമോ? | ഡി) വളർത്തു പന്നികളിലും കാട്ടുപന്നികളിലും മാത്രം ഉണ്ടാകുന്ന ഈ അസുഖം ജനങ്ങൾക്ക് ഭീഷണിയല്ല. |

സെക്ഷൻ ഓഫീസർ.